(ബി) പ്രസ്തുത റേഡിയോഗ്രാഫറുടെ തസ്തികയിൽ ഇപ്പോൾ ആരെയാണ് നിയമിച്ചിട്ടുള്ളത് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഉവ്വ്.
(ബി) ശ്രീമതി പി. ഇന്ദിരാകുമാരിയെ.

മേജർ ഇറിഗേഷൻ പദ്ധതികൾ

* 235. [31] ശ്രീ. പി. ആർ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963–64 സാമ്പത്തികവർഷത്തിൽ എത്ര മേജർ ഇറിഗേഷൻ പദ്ധതികൾക്ക് അനുവാദം ലഭിച്ചിട്ടുണ്ട് ; അവ ഏവ ;

(ബി) അതിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളവ ഏവ ;

(സി) മറ്റുള്ളതിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കും ?

ജലസേചനവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്) :

(എ, ബി, സി) രണ്ടാം പദ്ധതിയിൽനിന്നും തുടർന്നുവരുന്ന നാലു സ്കീമുകളുടേയും പ്രോജക്ട് റിപ്പോർട്ടുകൾക്ക് പ്ലാനിംഗ് കമ്മിഷന്റെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. 63–64-ൽ ഇവയിൽ ഒന്നിനും ക്ലിയറൻസ് കിട്ടിയിട്ടില്ല. എന്നാലും പ്ലാനിംഗ് കമ്മിഷന്റെ അംഗീകാരം പ്രതീക്ഷിച്ചുകൊണ്ട് മേൽപ്പറഞ്ഞ പദ്ധതികളുടെ എല്ലാം ജോലികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. അവ തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ജില്ലാ താലൂക്ക് ആശുപത്രികൾ

* 236. [32] ശ്രീ. പി. കെ. അബ്ദുൽഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ താലൂക്ക് ആശുപത്രികൾ കൂടുതൽ വികസിപ്പിക്കേണ്ടതായി ഇനിയും ഏതെല്ലാം ഉണ്ട് ;

(ബി) കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ ആവശ്യത്തിനുള്ള സ്ഥലവും കിടക്കകളും നേഴ്സുമാരും ഇല്ലെന്ന വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ആശുപത്രി വികസിപ്പിച്ച് എക്സ്റേ മുതലായ ഉപകരണങ്ങളും സ്ഥലസൗകര്യവും ഉണ്ടാക്കുന്നതിന് വേണ്ട നടപടികൾ ഉടനടി സ്വീകരിക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) സ്റ്റേറ്റിൽ ഉള്ള എല്ലാ ജില്ലാ ആശുപത്രികളും താലൂക്ക് ആശുപത്രികളും ഇനിയും വികസിപ്പിക്കേണ്ടതായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇതു് ബഡ്ജറ്റിൽ തുക ലഭ്യമാകുന്നതിനെ ആശ്രയിച്ചിരിക്കുന്ന ഒരു കാര്യമാണു്. തുക വകയിരുത്തുവാൻ സാധിക്കുന്നതനുസരിച്ച് ഇതുകൂടി പരിഗണിക്കാം.

ഭക്ഷ്യവിഷം കാരണം അപകടങ്ങൾ സംഭവിച്ച കേസ്സുകൾ

* 237. [33] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963 കലണ്ടർ വർഷത്തിൽ സ്റ്റേറ്റിൽ ഭക്ഷ്യവിഷം കാരണമായി അപകടങ്ങൾ സംഭവിച്ച എത്ര കേസ്സുകൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട് ; എവിടെയെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly